ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.05.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭീകരവാദം തടയുന്നതിന് സംയുക്ത കർമ സമിതി രൂപീകരിക്കാനുള്ള ധാരണാപത്രത്തിൽ ഇന്ത്യയും - സൈപ്രസും ഒപ്പുവച്ചു. ഇരു രാജ്യങ്ങളും തമ്മിലുളള ബന്ധം കൂടുതൽ മെച്ചപ്പട്ടതായി പ്രധാനമന്ത്രി.

   India and Cyprus signed a memorandum of understanding to form a joint working force to prevent terrorism. Prime Minister Narendra Modi said that ties between the two countries have further strengthened.

2. 19-ാമത് റോസ്ഗർ മേളയുടെ ഭാഗമായി 51 ,000-ത്തിലധികം യുവാക്കൾക്ക് നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി നിയമന ഉത്തരവുകൾ കൈമാറും.

   Prime Minister Narendra Modi will distribute more than 51 thousand appointment letters to newly appointed youth in various Government departments and organisations at the 19th Rozgar Mela tomorrow.

3. പതിനാറാം കേരള നിയമ സഭയുടെ സ്പീക്കർ ആയി കോൺഗ്രസിൻറെ മുതിർന്ന നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻ ചുമതലയേറ്റു. ഗവർണറുടെ നയ പ്രഖ്യാപനം ഈ മാസം 29-ന്.

   Senior Congress leader Thiruvanchoor Radhakrishnan assumed office as the Speaker of the 16th Kerala Legislative Assembly. The Governor's address will be delivered on the 29th of this month.

4. 9-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് ത്രിഭാഷാ പഠനം നിർബന്ധമാക്കിയ സിബിഎസ്ഇ നിലപാടിനെ ചോദ്യം

ചെയ്യുന്ന ഹർജി അടുത്ത ആഴ്ച പരിഗണിക്കുമെന്ന് സുപ്രീം കോടതി.

The Supreme Court today agreed to hear next week a plea challenging the new CBSE policy making three-language study compulsory for Class 9 students.

5. കേരളത്തിൽ വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യത. ആലപ്പുഴ ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

Kerala is likely to receive extremely heavy rainfall in the coming days. An orange alert has been issued in Alappuzha district today. Fishing has been banned along the Kerala, Karnataka and Lakshadweep coasts till the 26th of this month

6. ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു പോരാട്ടം.

In the Indian Premier League cricket tournament, Sunrisers Hyderabad will take on Royal Challengers Bengaluru.

☸☸☸☸☸☸☸☸☸☸☸☸☸

## REV PM-CYPRUS PREZ (INTRO)

ഇന്ത്യയും - സൈപ്രസും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെട്ടതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂ ഡൽഹിയിൽ സൈപ്രസ് പ്രസിഡൻറു മായി നടത്തിയ ചർച്ചകൾക്ക് ശേഷമുള്ള സംയുക്ത പ്രസ്താവനയിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. കഴിഞ്ഞ പത്തുവർഷത്തിൽ സൈപ്രസ്സിൽ നിന്നുള്ള നിക്ഷേപം ഇരട്ടിയായി വർധിച്ചു. അടുത്ത അഞ്ചു വർഷത്തിൽ ഇരു രാജ്യങ്ങൾക്കുമിടയിലുള്ള നിക്ഷേപം ഇരട്ടിയാക്കി വർധിപ്പിക്കുമെന്നും ശ്രി മോദി പറഞ്ഞു.

(VOICE)

ഭീകരവാദം തടയുന്നതിന് സംയുക്ത കർമ സമിതി രൂപീകരിക്കാനുള്ള ധാരണാപത്രത്തിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. സൈബർ സുരക്ഷ, സമുദ്ര സുരക്ഷ, എന്നീ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാനും ധാരണയായി. ഇന്ത്യയും സൈപ്രസും തമ്മിലുള്ള ഉഭയകക്ഷി ബന്ധവും, ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധവും കഴിഞ്ഞ ഒരു വർഷത്തിനിടെ വലിയ രീതിയിൽ പുരോഗതി കൈവരിച്ചതായി സൈപ്രസ് പ്രസിഡൻ്റ്

വ്യക്തമാക്കി. രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായും സൈപ്രസ് പ്രസിഡൻ്റ് ഇന്ന് കൂടിക്കാഴ്ച നടത്തും.

☸☸☸☸☸☸☸☸☸☸☸☸☸

## PM-ROZGAR MELA

19-ാമത് റോസ്ഗർ മേളയുടെ ഭാഗമായി വിവിധ കേന്ദ്ര സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും പുതുതായി നിയമിതരായ 51,000-ത്തിലധികം യുവാക്കൾക്ക് നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി നിയമന ഉത്തരവുകൾ കൈമാറും. ചടങ്ങിനെ വീഡിയോ കോൺഫെറൻസിലൂടെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. രാജ്യത്തുടനീളമുള്ള 47 സ്ഥലങ്ങളിലാണ് റോസ്ഗർ മേള നടക്കുന്നത്. പാലക്കാട് നടക്കുന്ന റോസ്ഗാർ മേള യിൽ കേന്ദ്രമന്ത്രി HD കുമാരസ്വാമി മുഖ്യാതിഥിയാകും. തിരുവനന്തപുരത്ത് ദക്ഷിണ റെയിൽവേ സംഘടിപ്പിക്കുന്ന മേളയിൽ, കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി 130-ഓളം ഉദ്യോഗാർത്ഥികൾക്ക് നിയമനക്കത്തുകൾ വിതരണം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸

## EC - BIENNIAL ELECTION

ഒഴിവുവരുന്ന 24 രാജ്യസഭ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് ജൂൺ 18-ന് നടക്കും. വോട്ടെണ്ണലും അന്നേ ദിവസം തന്നെ നടക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. പത്തുസംസ്ഥാനങ്ങളിൽ നിന്നുള്ള 24 രാജ്യസഭാ എംപിമാരുടെ കാലാവധി അടുത്ത മാസം പൂർത്തിയാകുന്ന സാഹചര്യത്തിലാണ് തിരഞ്ഞെടുപ്പ്. രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗേ, മുൻ പ്രധാനമന്ത്രി എച്ച്. ഡി. ദേവഗൗഡ, കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ എന്നിവരുൾപ്പെടെയുള്ള അംഗങ്ങളുടെ കാലാവധിയാണ് അടുത്ത മാസം അവസാനിക്കുന്നത്. തിരഞ്ഞെടുപ്പ് വിജ്ഞാപനം ജൂൺ ഒന്നിന് പുറപ്പെടുവിക്കും. ജൂൺ 8 ആണ് നാമ നിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി.

☸☸☸☸☸☸☸☸☸☸☸☸☸

## SPEAKER

പതിനാറാം കേരള നിയമസഭയുടെ സ്പീക്കർ ആയി തിരുവഞ്ചൂർ രാധാകൃഷ്ണനെ തെരഞ്ഞെടുത്തു. യുഡിഎഫ് സ്ഥാനാർഥിയായ തിരുവഞ്ചൂർ രാധാകൃഷ്ണൻ 101 വോട്ടുകളാണ് നേടിയത്. എൽ ഡി എഫ്

സ്ഥാനാർഥി എ സി മൊയ്തീന് 35 വോട്ടും, ബി ജെ പി സ്ഥാനാർഥി ബി ബി ഗോപകുമാറിന് മൂന്നു വോട്ടും ലഭിച്ചു. നാളെ മുതൽ ഈ മാസം 28 വരെ സഭ സമ്മേളനം ഉണ്ടായിരിക്കില്ല. ഈ മാസം 29-നാണ് ഗവർണറുടെ നയപ്രഖ്യാപനം. ജൂൺ ഒന്ന് മുതൽ മൂന്നു വരെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് മേലുള്ള നന്ദി പ്രമേയ ചർച്ച സഭയിൽ നടക്കും. അടുത്ത മാസം ഒന്നിനാണ് ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ്.

## SC-CBSE PIL

9-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് ജൂലൈ 1 മുതൽ ത്രിഭാഷാ പഠനം നിർബന്ധമാക്കിയ സിബിഎസ്ഇ നിലപാടിനെ ചോദ്യം ചെയ്യുന്ന ഹർജി അടുത്ത ആഴ്ച പരിഗണിക്കുമെന്ന് സുപ്രീം കോടതി. മുതിർന്ന അഭിഭാഷകൻ മുകുൾ രോഹത്ഗിയാണ് വിഷയം കോടതിയിൽ ഉന്നയിച്ചത്. സി.ബി.എസ്.ഇ.യുടെ പുതിയ നയം ഒൻപതാം ക്ലാസിൽ രണ്ട് അധിക ഭാഷകൾ കൂടി നിർബന്ധമാക്കുന്നുവെന്നും ഇത് വലിയ ആശയക്കുഴപ്പത്തിന് വഴിവെക്കുമെന്നും അദ്ദേഹം പറഞ്ഞു.

## GOVT - PREGABALIN DRUG

'പ്രിഗാബലിൻ' എന്ന മരുന്നിനെ 'ഷെഡ്യൂൾ എച്ച് 1' പട്ടികയിൽ ഉൾപ്പെടുത്തി കേന്ദ്ര ആരോഗ്യ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചു. മരുന്നുകളുടെ ദുരുപയോഗം തടയുന്നതിനും നിയന്ത്രണം കർശന മാക്കുന്നതിനുമായാണ് നടപടി. യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും പ്രിഗാബലിൻ' ദുരുപയോഗവും സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

## EBOLA

കോംഗോ, യുഗാണ്ട, ദക്ഷിണ സുഡാൻ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽ എബോള രോഗബാധ റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ മുൻകരുതൽ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി, സിയാൽ, എയർപോർട്ട് ഹെൽത്ത് ഓർഗനൈസേഷൻ എന്നിവയുടെ നേതൃത്വ ത്തിൽ കൊച്ചി വിമാനത്താവളത്തിൽ അടിയന്തിര യോഗം ചേർന്നു. രോഗലക്ഷണങ്ങൾ കണ്ടെത്തുന്നതിനുള്ള നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്താൻ യോഗത്തിൽ തീരുമാനമായി. ലോകാരോഗ്യ സംഘടന

എബോള വ്യാപനത്തെ ആഗോള ആരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്ന് എത്തുന്ന യാത്രക്കാരെ പ്രത്യേക നിരീക്ഷണത്തിന് വിധേയരാക്കും. സംസ്ഥാനത്തെ 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും, 2 തുറമുഖങ്ങ ളിലും എത്തുന്ന യാത്രക്കാരുടെ പരിശോധനയും, ആവശ്യമായവർക്ക് ഐസൊലേഷൻ സൗകര്യ ത്തോടുകൂടിയുള്ള തീവ്രപരിചരണ സംവിധാന ങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

## CBSE-EXTENSION

പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ ലഭിക്കുന്നതിനുള്ള സമയം ഈ മാസം 24 വരെ നീട്ടി സി.ബി.എസ്.ഇ. നാളെയായിരുന്നു ഇതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതി. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി സി.ബി.എസ്.ഇ വെബ്സൈറ്റിൽ ഉണ്ടായ അമിത തിരക്കും സൈറ്റിന്റെ പ്രവർത്തനത്തിലുണ്ടായ സാങ്കേതിക പ്രശ്നങ്ങളും കാരണമാണ് തീരുമാനം. ഉത്തരക്കടലാസിന്റെ സ്കാൻ ചെയ്ത പകർപ്പ് ലഭിച്ച ശേഷം, എന്തെങ്കിലും തെറ്റുകൾ കണ്ടെത്തി പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് രണ്ട് ദിവസം കൂടി സമയം ലഭിക്കുമെന്നും സി.ബി.എസ്.ഇ അറിയിച്ചു.

## SENIOR CITIZEN MOBILE APP

രാജ്യത്തെ മുതിർന്ന പൗരന്മാർക്കുള്ള പിന്തുണാ സംവിധാനങ്ങൾ ശക്തമാക്കുന്നതിനായി ആവിഷ്കരിച്ച 'ജീവൻ' മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തനസജ്ജമായി. കേന്ദ്ര സാമൂഹിക നീതി, ശാക്തീകരണ മന്ത്രി വീരേന്ദ്ര കുമാർ ആപ്പ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. സർക്കാർ പദ്ധതികളെയും ക്ഷേമ പരിപാടികളെയും കുറിച്ചുള്ള വിവരങ്ങൾ, അടിയന്തര സഹായം, വൃദ്ധസദനങ്ങളുടെ വിവരങ്ങൾ എന്നിവയുൾപ്പെടെ മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങളും ആശങ്കകളും പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി സവിശേഷതകൾ 'ജീവൻ' മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭ്യമാണ്.

## AMIT SHAH BSF (INTRO)

രാജ്യത്തെ മുഴുവൻ അതിർത്തിയും കൂടുതൽ ശക്തമാക്കുന്നതിനായി സർക്കാർ സ്മാർട്ട് ബോർഡർ പദ്ധതി ആരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ബിഎസ്എഫിന്റെ ഒരു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സ്മാർട്ട് ബോർഡർ ആശയത്തിന് കീഴിൽ അതിർത്തി സുരക്ഷാ സേനയുടെ സുരക്ഷാ സംവിധാനത്തിലേക്ക് എല്ലാത്തരം സാങ്കേതികവിദ്യകളും സംയോജിപ്പിച്ച് സുരക്ഷാ ചട്ടക്കൂട് വികസിപ്പിക്കുകയാണ് ലക്ഷ്യം എന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## RAIN

കേരളത്തിൽ വരും ദിവസങ്ങളിലും മഴ തുടരും. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ, ആലപ്പുഴ ജില്ലയിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള മറ്റ് ജില്ലകളിലും കോഴിക്കോടും ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെയും അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

☸☸☸☸☸☸☸☸☸☸☸☸☸

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ സൺറൈസേഴ്സ് ഹൈദരാബാദ് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെതിരെ ബാറ്റിംഗ് തിരഞ്ഞെടുത്തു. ഹൈദരാബാദിലാണ് മത്സരം.

☸☸☸☸☸☸☸☸☸☸☸☸☸

## UPSC

UPSC സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷ ഈ മാസം 24-ന് നടക്കും. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളി ലായി ക്രമീകരിച്ചിട്ടുള്ള വിവിധ കേന്ദ്രങ്ങളിലായി ഏകദേശം 21,000

ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതും. രാവിലെ 9.30 മുതൽ 11.30 വരെയും, ഉച്ചയ്ക്ക് ശേഷം 2.30 മുതൽ 4.30 വരെയുമാണ് പരീക്ഷ.

## BAKRID HOLIDAY

ബക്രീദ് പ്രമാണിച്ച് ന്യൂഡൽഹിയിലെ എല്ലാ കേന്ദ്ര സർക്കാർ ഓഫീസുകൾക്കും ഈ മാസം 28 ന് അവധിയായിരിക്കുമെന്ന് സർക്കാർ അറിയിച്ചു. നേരത്തെ, മെയ് 27 നാണ് അവധി നിശ്ചയിച്ചിരുന്നത്.

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 232 പോയിൻറ് ഉയർന്ന് 75,415 ലും, നിഫ്റ്റി 65 പോയിൻറ് നേട്ടത്തിൽ 23,719 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 320 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 16,960 രൂപയും, ഗ്രാമിന് 14,620 രൂപയുമാണ് ഇന്നത്തെ വില.

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.